ചിന്താസരിത്
സാഗരം

# ഓഷോ

**നമ്മെ നിത്യം പ്രചോദിപ്പിക്കുന്ന 366 മഹത്തായ ചിന്തകൾ**

DCB

ചിന്താസരിത്
സാഗരം

ഓഷോ

CASMTVK
158.1 OSH/N
1586

DCB

ചിന്താസരിത്
സാഗരം

ഓഷോ

**നമ്മെ നിത്യം പ്രചോദിപ്പിക്കുന്ന 366 മഹത്തായ ചിന്തകൾ**

'രത്നം നമ്മുടെ അകത്താണിരിക്കുന്നത്.
എന്നാൽ നാം പുറത്താണ് അതു തിരയുന്നത്.
അതു നമ്മുടെ അന്തഃസത്തതന്നെയാണ്.
നാം അതിനെ എല്ലായിടത്തും തിരയുന്നു.
എന്നാൽ നമ്മുടെ ഉള്ളിൽ തിരയുന്നില്ല.'

ഓരോ ദിവസവും ശുഭകരവും പ്രചോദനാത്മകവുമാക്കാനുള്ള ചിന്തകളുടെയും കഥകളുടെയും സമാഹാരം. ജീവിതവിജയം ഉറപ്പാക്കാൻ, ഏതു സങ്കീർണ്ണ സാഹചര്യങ്ങളെയും നേരിടാൻ ഈ കൃതി നമുക്ക് കൂട്ടാളിയാകുന്നു.

കവർ ഡിസൈൻ : വിശാഖ് രാജ്, ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡിസി ബുക്സ്
www.dcbooks.com
സെൽഫ് ഹെൽപ്/റഫറൻസ്

ISBN 978-93-5390-003-8
9 789353 900038
00001
E-book available

Limited Edition
₹ 450

MALAYALAM LANGUAGE
Chintāsaritsāgaram:
Namme Nithyam Prachodippikkunna 366 Mahathāya Chinthakal
Osho

SELF-HELP/REFERENCE
*Prepared by* Swami Mukthananda Yati

Rights Reserved
First Published April 2012
This edition - November 2020

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chintāsaritsāgaram:
Namme Nithyam Prachodippikkunna 366 Mahathāya Chinthakal
432 p; 19 cm.
ISBN 978-93-5390-003-8
1. Self help
158.1-dc22
No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5390-003-8

Printed in India
at Manipal Technologies Limited, Manipal

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

418/20-21-Sl.No. 20687-dcb 7540-400 (L.E.) -14417-11-20-p 11

*ജീവിതത്തിലെ ഏതെങ്കിലുമൊക്കെ സാഹചര്യത്തിൽ സ്വയം തീരുമാനമെടുക്കാൻ സാധിക്കാതെ പ്രതിസന്ധിയിൽ അകപ്പെടുന്ന അവസരങ്ങൾ ഓരോരുത്തർക്കും ഉണ്ടാകാം. അപ്പോൾ ഒരു ഗുരുവിന്റെ, സുഹൃത്തിന്റെ, മറ്റാരുടെയെങ്കിലും ഒരു ഉപദേശം,ഒരു ശുഭവചനം നാം ആശിച്ചുപോകും. അതു ലഭിക്കുന്നതോടെ ആ പ്രതിസന്ധിയെ തരണം ചെയ്യാനുള്ള ആത്മവിശ്വാസവും കഴിവും നേടുകയും ചെയ്യും. നമ്മെ പ്രചോദിപ്പിക്കുന്ന അത്തരമൊരു പുസ്തകമാണിത്. വിദ്യാർത്ഥികൾ മുതൽ യുവാക്കൾക്കും ഉദ്യോഗസ്ഥർക്കും വൃദ്ധർക്കുംവരെ, സമൂഹത്തിലെ സമസ്തമേഖലയിലുള്ളവർക്കും നിത്യപ്രചോദകമായ മഹത് ചിന്തകളുടെ അനശ്വരസമാഹാരം. നമ്മുടെ ആന്തരികലോകത്തെയും അതുവഴി ബാഹ്യലോകത്തെയും മാറ്റിത്തീർക്കാൻ നമ്മെ പ്രാപ്തമാക്കുന്ന ശുഭചിന്തകൾ.*

*ഭാരതീയ പൈതൃകത്തിന്റെ വിവിധ ചിന്താപദ്ധതികളെയും മനഃശാസ്ത്രവും ലൈംഗികശാസ്ത്രവുമടക്കമുള്ള ശാസ്ത്രപദ്ധതികളെയും സമന്വയിപ്പിച്ചുകൊണ്ടാണ് ഓഷോ തന്റേതുമാത്രമായ ഒരു അവബോധതലം സൃഷ്ടിച്ചത്. ഇത് പൗരസ്ത്യരിലും-പാശ്ചാത്യരിലും ഒരു നൂതനാശയമായി പ്രസരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഓഷോചിന്തകളുടെ സമഗ്രതേജസ്സ് ഈ സമ്പുടത്തിലൂടെ നമ്മുടെ നിത്യജീവിതത്തെ പ്രസന്നമാക്കുന്നു.*

## അവതാരിക

# ഇരുപതാംനൂറ്റാണ്ടിന്റെ പ്രതിഭാസം

ഗതകാലചിന്തകളെയും വർത്തമാനകാല കാപട്യങ്ങളെയും ഭവിഷ്യോന്മുഖസ്വപ്നങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് ഇരുപതാംനൂറ്റാണ്ടിന്റെ ചിന്താലോകത്ത് ഒരു കൊടുങ്കാറ്റ് പോലെ വന്നുപോയ പ്രതിഭാസം എന്നാണ് ഓഷോയെ നിർവ്വചിക്കേണ്ടത്. ഭാരതീയദർശനങ്ങളിലെയും ഗ്രേക്കോ റോമൻ ചിന്തകളിലെയും മൗലികസരണികളെ പൂർണമായി കൊള്ളുകയോ പൂർണമായി തള്ളുകയോ ചെയ്യാതെ തനിക്ക് മുമ്പുള്ള അറിവിന്റെ ഖനിയിൽ ഒളിഞ്ഞിരുന്ന രത്നങ്ങൾ തനതായ ശൈലിയിൽ പുനരാവിഷ്കരിക്കുകയായിരുന്നു ഓഷോ ചെയ്തത്. ഓഷോയുടെ ദർശനത്തോടോ പരിപ്രേക്ഷ്യങ്ങളോട് തന്നെയുമോ യോജിക്കാത്ത അസംഖ്യം പ്രതിഭകൾ ഉണ്ട്. എന്നാൽ ആരും ഒരേ നദി രണ്ട് വട്ടം മുറിച്ചുകടക്കുന്നില്ല എന്നതിനാൽ ആർക്കും ഓഷോയുടെ പ്രസക്തി തള്ളിക്കളയാനാവുകയില്ല താനും. ഈ സമാഹരണം ലക്ഷ്യമാക്കിയിട്ടുള്ളത് ഓഷോ ചിന്തകളിലെ സാർവ്വത്രികാംഗീകാരമുള്ള ആശയങ്ങളെയാണ്. അതുകൊണ്ട് ഓഷോയെ ആദരിക്കുന്നവർക്കും ഓഷോയെ നിരസിക്കുന്നവർക്കും ഒരുപോലെ പ്രയോജനകരമാവും ഈ കുറിപ്പുകൾ.

പൂർണ്ണമദ പൂർണ്ണമിദം,
പൂർണ്ണാത് പൂർണ്ണമുദച്യതേ,
പൂർണ്ണസ്യ പൂർണ്ണമാദായ,
പൂർണ്ണമേവാവശിഷ്യതേ

എന്നാണല്ലോ. പൂർണ്ണത്തിന് ച്യുതി ഇല്ല. പൂർണ്ണത്തിനായുള്ള അന്വേഷണമാണ് പൂർണ്ണത്തിന്റെ അപൂർവ്വാപൂർണ്ണതയെപ്പറ്റി ബോധം നൽകുന്നത്. ഓഷോ നടത്തിയതും അത്തരം ഒരന്വേഷണംതന്നെ ആയിരുന്നു.

ഡി. ബാബുപോൾ